


ഫോട്ടോ : മധുരാജ്, മാതൃഭൂമി

# പ്ലാച്ചിമട സമരം ഇനി എങ്ങോട്ട് ?

സണ്ണി പൈകട

ഏപ്രിൽ 22ന് അഞ്ചുവർഷം പൂർത്തിയാകുന്ന പ്ലാച്ചിമട സമരം ഇനി എങ്ങോട്ട് എന്ന ചോദ്യം ഈ സമരത്തെ ഗൗരവമായി നോക്കിക്കണ്ട എല്ലാവരുടെ മനസ്സിലും സ്വാഭാവികമായും ഉയർന്നു വരാവുന്ന ഒന്നാണ്. അഞ്ചാം വാർഷിക ദിനം മുതൽ 24 മണിക്കൂർ റിലേ ഉപവാസ സത്യാഗ്രഹമായി സമരം രൂക്ഷമാക്കുമെന്നും ആഗസ്റ്റ് 15നകം സമരസമിതിയുടെ ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ സമരസമിതി ചെയർമാൻ അനിശ്ചിത കാല ഉപവാസമനുഷ്ഠിക്കുമെന്നും പ്രഖ്യാപിച്ചുകഴിഞ്ഞു. ഇതിൽനിന്നും സമരത്തിന്റെ അടുത്ത ഘട്ടങ്ങൾ ഏതൊക്കെയെന്ന് വ്യക്തമായിട്ടുണ്ട്. എന്നാൽ പ്ലാച്ചിമട സമരം എങ്ങോട്ട് എന്ന ചോദ്യത്തിന് ഇത് പൂർണ്ണ ഉത്തരമല്ല.

ഏകദേശം നാൽപതു മാസമായി പ്ലാച്ചിമടയിൽ കോളാ ഫാക്ടറി അടഞ്ഞു കിടക്കുകയാണ്. അടഞ്ഞ ഫാക്ടറിക്കുമുമ്പിൽ ഇനിയും സമരം ചെയ്യുന്നതും സമരം രൂക്ഷമാക്കുന്നതും ശരിയാണോ? സമരം ചെയ്യൽ ആർക്കെങ്കിലും ഒരു ശീലമായിട്ടുണ്ടെങ്കിൽ അവർക്ക് സമരം ചെയ്യാൻ വേറെ എത്ര സമരമുഖങ്ങൾ നാട്ടിലുണ്ട്. മുല്ലപ്പെരിയാർ, കരിമുകൾ, കൈനൂർ തുടങ്ങി എത്ര സമരമുഖങ്ങളാണ് തീവ്രസമരരൂപങ്ങൾക്കായി അവശേഷിച്ചിരിക്കുന്നത്. പ്ലാച്ചിമട സമരത്തെ ഊറ്റമായി പിന്തുണച്ച ഇടതുപക്ഷമാണ് ഇപ്പോൾ കേരളം ഭരിക്കുന്നത്. കഴിഞ്ഞ പത്തു മാസമായി അവർ ഇക്കാര്യത്തിൽ കാര്യമായൊന്നും ചെയ്തില്ലെങ്കിൽ അതിനർത്ഥം സംസ്ഥാന ഗവൺമെന്റിന് ഇക്കാര്യത്തിൽ കാര്യമായൊന്നും ചെയ്യാനില്ല എന്നതല്ലെ? സാമൂഹ്യ പ്രതിബദ്ധതയുടെ പേരിൽ ഇടതുപക്ഷത്തെ സംശയിക്കാൻ പാടുണ്ടോ? പാലൊളി ഭാഷ്യം കടമെടുത്തു പറഞ്ഞാൽ ഇടതുപക്ഷത്തെ കനം നോക്കി വിധി പ്രസ്താവിക്കുന്ന നീതിന്യായവ്യവസ്ഥ നിലനിൽക്കുന്നതല്ലെ പ്രശ്നം?

ഇതൊന്നുമല്ല സമരം നിർത്തിവെയ്ക്കാൻ ആർക്കെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ഇന്നത്തെ നിലയിൽ മൃദുവായ സമരം തുടർന്നാൽ പോരെ? ഇനിയുമൊരഞ്ചുവർഷംകൂടി സമരം ചെയ്താലും പ്ലാച്ചിമട ജനങ്ങൾക്ക് മടുപ്പു തോന്നില്ല. മാത്രവുമല്ല സമരം ഈ വിധത്തിൽ ഇനിയും വർഷങ്ങൾ നീണ്ടാൽ ഇടക്കിടെ നാട്ടിലെ പരിസ്ഥിതി-പൗരാവകാശ പ്രവർത്തകർക്കും മനുഷ്യ സ്നേഹികൾക്കും അവിടെ തീർത്ഥാടകരെ പോലെ വന്ന് പോവുകയുമാവാം. നാല് വർഷം കൂടി കഴിഞ്ഞാൽ കേരളത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കും. അപ്പോൾ നമ്മുടെ നാട്ടുനടപ്പ് അനുസരിച്ച് ഇടതുപക്ഷം പ്രതിപക്ഷത്തുവരും. സമരത്തിന് ചൂടുപിടിപ്പിക്കാൻ അവർക്കു കഴിയും. അതല്ലെ വേണ്ടതും. ഇങ്ങനെയൊക്കെ ചിന്തിക്കുന്നവർ ഇവിടെയുണ്ട് എന്ന് ആർക്കാണറിഞ്ഞുകൂടാത്തത്.

**എന്നാൽ സത്യമെന്താണ്?**

ഫാക്ടറി നാൽപതുമാസമായി അടഞ്ഞുകിടക്കുന്നത് പെരുമാട്ടി പഞ്ചായത്തിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയുടെയും പ്രായോഗികതന്ത്രജ്ഞതയുടെയും ഫലമായാണ്. കോടതി നടപടികൾ വഴി അതിനെ അതിജീവിക്കാനുള്ള ശ്രമങ്ങളിലാണ് കോള കമ്പനി. പഞ്ചായത്തിന്റെ അവകാശങ്ങൾക്ക് പരിമിതികളുണ്ട്. അവിടെയാണ് കോളാകമ്പനികൾ പ്രതീക്ഷ വച്ചുപുലർത്തുന്നത്. ഈ പരിമിതികൾ പരിഹരിക്കാൻ ഭരണകൂടങ്ങൾ ഉത്സാഹിക്കുന്നില്ല. പരമോന്നത നീതിപീഠത്തിൽ നിന്നും ഉണ്ടാവാൻ പോകുന്ന അവസാനവിധി എന്തെന്ന് ആർക്കറിയാം. കോടതിവിധി ജനവിരുദ്ധമായാൽ ഭരണഘടനയുടെ മൗലികതത്വങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് അതിനെ മറികടക്കാനുള്ള നിയമനിർമ്മാണം നടത്താൻ ഭരണകൂടങ്ങൾക്ക് കഴിയും. അതിനായി ശക്തമായ ജനകീയ സമ്മർദ്ദമുണ്ടാവേണ്ടിവരും. അതിന് സമരം തുടർന്നേ മതിയാവൂ. താൽക്കാലികമായി അടഞ്ഞുകിടക്കുന്ന ഫാക്ടറി ഗേറ്റ് കണ്ട് സമരരംഗത്തുനിന്ന് പിന്മാറിയാൽ എല്ലാം സാവകാശം തണുക്കും. അത്തരമൊരു സാഹചര്യമാണ് കോളാകമ്പനി ആഗ്രഹിക്കുന്നത്.

പ്ലാച്ചിമട സമരം ഇന്ത്യയിലെ തന്നെ എല്ലാ ജനകീയ സമരങ്ങളുടെയും പ്രതീകമാണ്. ഈ പ്രതീകത്തിന് മങ്ങലേൽക്കാൻ പാടില്ല. അതുകൊണ്ട് തന്നെ ഇത് വിജയിച്ചുമാത്രം അവസാനിപ്പിക്കേണ്ട ഒരു സമരമാണ്. സമരം വിജയിക്കണമെങ്കിൽ പ്ലാച്ചിമടക്ക് പുറത്തുള്ള ജനങ്ങളും തികഞ്ഞ ദിശാബോധത്തോടെ സമരരംഗത്തു വരേണ്ടതുണ്ട്. റിലേ ഉപവാസത്തിലൂടെ സമരം രൂക്ഷമാക്കാനുള്ള ശ്രമങ്ങൾ ആ വഴിക്കുള്ള ചുവടുവെപ്പാണ്. ഇതിനു സമാന്തരമായി നാടിന്റെ നാനാഭാഗങ്ങളിൽ ആസൂത്രിതവും സംഘടിതവുമായി അനുഭാവ സമരങ്ങൾ നടന്നാൽ പ്ലാച്ചിമട സമരം പല ചലനങ്ങളുമുണ്ടാക്കും.

**സമരത്തിന്റെ സാധ്യതകൾ**

സമരം വിജയിക്കാൻ സാധ്യത യുണ്ടോ എന്ന ചോദ്യം പലരും മനസ്സി ലെങ്കിലും ഉന്നയിക്കുന്നുണ്ട്. ആർക്ക് ഉറപ്പു പറയാൻ കഴിയും. സമരം ഇത്ര നാളുകൾക്കുള്ളിൽ വിജയിക്കുമെന്ന്? എന്നാൽ ഉണർന്ന ജനശക്തിക്കുമു മ്പിൽ മുട്ടുമടക്കാത്ത ഭരണകൂടശ ക്തിയും മൂലധനശക്തിയുമില്ലെന്ന് ഉറച്ച വിശ്വാസമുള്ള ആർക്കും പറയാൻ കഴിയും വിജയിക്കും വരെ ഈ സമരം തുടരുമെന്ന്. പ്ലാച്ചിമട സമരത്തോ ടൊപ്പം വിജയവും സംഭവിച്ചുകൊ ണ്ടാണിരിക്കുന്നത്. സമരം ഓരോ ദിവസം മുന്നോട്ട് നീങ്ങുമ്പോഴും അത് സമൂഹത്തിൽ ചില സ്വാധീനങ്ങൾ ചെലുത്തുന്നുണ്ട്. ഇനി അതിന്റെ ഗതി വേഗം വർദ്ധിക്കും. പ്ലാച്ചിമട സമരം വഴി നമ്മുടെ നാട്ടിലെ ജനങ്ങളിൽ ഒരു വിഭാഗത്തിന്റെയെങ്കിലും നിലപാടുക ളിൽ മാറ്റം വന്നുകൊണ്ടാണിരിക്കുന്ന ത്. സാമൂഹികമായ ഇത്തരം സ്വാധീന ങ്ങളാണ് പ്ലാച്ചിമട സമരത്തിന്റെ ഏറ്റവും വലിയ സാധ്യതകൾ.

പ്ലാച്ചിമട സമരം മുഖ്യമായും മൂന്നാ വശ്യങ്ങൾ മുന്നോട്ട് വെയ്ക്കുന്നുണ്ട്. പ്ലാച്ചിമട നിവാസികൾക്ക് നഷ്ടപരി ഹാരം കമ്പനിയിൽ നിന്നും ഈടാക്കി നൽകിക്കൊണ്ട് കോള ഫാക്ടറി സ്ഥിര മായി അടച്ചുപൂട്ടുക, കോളാ കമ്പനി പ്ലാച്ചിമട മേഖലയിലെ ജനങ്ങൾക്ക് അറിഞ്ഞുകൊണ്ടുതന്നെ വരുത്തിവെച്ച അപരിഹാര്യമായ നഷ്ടങ്ങളുടെ പേരിൽ കമ്പനിയെ കുറ്റവിചാരണ ചെയ്യുക; ജലം പോലുള്ള പ്രകൃതി വിഭ വങ്ങളുടെ മേൽ ജനങ്ങളുടെ പരമാധി കാരം ഉറപ്പിക്കാൻ ഗ്രാമസഭകൾക്ക് ഇത്തരം കാര്യങ്ങളിൽ അധികാരം നൽകുന്ന വിധത്തിൽ പഞ്ചായത്തീ രാജ് നിയമങ്ങളിലും മലിനീകരണ നിയ ന്ത്രണ നിയമങ്ങളിലും ഭേദഗതികൾ വരുത്തുക; എന്നിവയാണ് ആ മൂന്ന് ആവശ്യങ്ങൾ. പ്ലാച്ചിമട സമരം രൂക്ഷ മാകുമ്പോൾ ഈ മൂന്ന് ആവശ്യങ്ങളോ ടുമുള്ള നിലപാടുകൾ വ്യക്തമാക്കാൻ കേരളത്തിലെ രാഷ്ട്രീയ കക്ഷികൾ നിർബന്ധിതരാകും. ഇത് ഏറെ രാഷ്ട്രീയ പ്രാധാന്യമുള്ള കാര്യമാ ണെന്ന് പറയേണ്ടതില്ലല്ലോ.

പ്ലാച്ചിമട സമരം രൂക്ഷമാകുന്ന തോടെ കേരളത്തിൽ മറ്റൊരു കാര്യവും സംഭവിച്ചേക്കാം. ഇപ്പോൾ ഏറെ യൊന്നും ശ്രദ്ധിക്കപ്പെടാത്ത, അല്ലെ ങ്കിൽ തണുത്തുപോയ ഒട്ടേറെ ജനകീയ സമരങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ട്. പ്ലാച്ചി മട സമരം ഉന്നയിക്കുന്ന ആവശ്യങ്ങ ളുടെ രാഷ്ട്രീയതലം ഇത്തരം സമരങ്ങ ളെയും ബാധിക്കുന്നവയാണ്. അതു കൊണ്ടുതന്നെ പ്ലാച്ചിമട സമരം രൂക്ഷ മാകുമ്പോൾ ഇത്തരം സമരങ്ങളുടെ കണ്ണി ചേർക്കപ്പെടലും പരസ്പരം ബല പ്പെടുത്തലും നടക്കാൻ ഇടയുണ്ട്. അങ്ങനെ സംഭവിച്ചാൽ മൗലിക പ്രശ്ന ങ്ങളുമായി ബന്ധപ്പെട്ട നിലപാടുകളെ അടിസ്ഥാനമാക്കിയുള്ള രാഷ്ട്രീയ സംവാദങ്ങളിലേക്ക് അത് വളരാതിരിക്കി ല്ല. ഈ സംവാദങ്ങളിൽ നിന്ന് മുഖ്യ ധാരാ രാഷ്ട്രീയ കക്ഷികൾക്ക് മാറി നിൽക്കാനാവില്ല എന്നതാവും ഏറ്റവും പ്രധാനപ്പെട്ട സംഗതി. ഗൗരവമാർന്ന രാഷ്ട്രീയ സംവാദങ്ങൾ ഇപ്പോൾ നട ക്കുന്നത് മുഖ്യധാരാ രാഷ്ട്രീയ കക്ഷി കൾക്ക് പുറത്താണ്. ഇതിനൊരു മാറ്റം വന്നാൽ അത് കേരളത്തിന്റെ ഭാവിയെ ഏറെ സ്വാധീനിക്കും.

പ്ലാച്ചിമട സമരം രൂക്ഷമാകുന്ന തോടെ സംഭവിക്കാൻ ഇടയുള്ള മറ്റൊരു കാര്യം ഈ സമരത്തെ പിൻതു ണയ്ക്കുന്ന പരിസ്ഥിതി-പൗരാവകാശ സംഘടനകളുടെയും ചെറുതും വലുതു മായ ഇതര ജനകീയ സംഘടനകളു ടെയും കൂടുതൽ വ്യക്തതയുള്ള രാഷ്ട്രീയവൽക്കരണമാകും. എന്തൊക്കെ പറഞ്ഞാലും പുരോഗമനം എന്നത് ഏറിയ പങ്കും ഇടതുപക്ഷത്തോ ടൊപ്പമാണെന്ന മുൻവിധികൾ മാറുക യും, ഇടതുപക്ഷവും വലതുപക്ഷവും തമ്മിലുള്ള അതിർത്തിരേഖ മാഞ്ഞുപോയെന്ന രാഷ്ട്രീയ സത്യം അംഗീകരിച്ച് ജനപക്ഷരാഷ്ട്രീയത്തി നായി പുതിയ വഴികൾ തേടണമെന്ന തിരിച്ചറിവ് വ്യാപകമാവുകയും ചെയ്യും.

മേൽസൂചിപ്പിച്ച വിധത്തിലുള്ള പല സാധ്യതകളും പ്ലാച്ചിമട സമരത്തിന്റെ വികാസത്തിൽ ഒളിഞ്ഞിരിപ്പുണ്ട്. എന്നാൽ തീരെ നിസാരങ്ങൾ അല്ലാത്ത ചില വെല്ലുവിളികളും സമരത്തിന് മുമ്പിൽ നിലനിൽക്കുന്നുണ്ട്. അതിലൊ ന്ന്, പേരിലെങ്കിലും ഒരു ഇടതുപക്ഷ സർക്കാരാണ് കേരളത്തിൽ അധികാര ത്തിൽ ഇരിക്കുന്നത് എന്നതാണ്. കേര ളത്തിന്റെ സാംസ്കാരിക രംഗത്തെ പ്രമാണിമാരിൽ ഏറെയും ഇടതുപക്ഷ കുടക്കീഴിൽ മഴ നനയാതെയും വെയിൽ കൊള്ളാതെയും സുരക്ഷി തത്വം തേടുന്നവരാണ്. ഇവർ ഇടതു പക്ഷം പ്രതിപക്ഷത്തായിരുന്നപ്പോൾ പ്ലാച്ചിമട സമരത്തിന് നൽകിയ പിൻതുണ അതെ വീറോടെ ഇനിയും നൽകുമെന്ന് പ്രതീക്ഷിക്കുന്നതിൽ അർത്ഥമില്ല. ഇത് ഒരു വെല്ലുവിളി തന്നെ യാണ്.

പ്ലാച്ചിമട സമരത്തിന്റെ ഇനിയുള്ള നാളുകളിൽ ഏറെ നിർണ്ണായക പങ്ക് വഹിക്കേണ്ട പരിസ്ഥിതി-പൗരാവകാശ സംഘങ്ങളും ഇതര ജനകീയ സംഘട നകളും എത്രമാത്രം പരസ്പരവിശ്വാസ ത്തോടും വിട്ടുവീഴ്ചകളോടും കൂടി ഈ പ്രശ്നത്തിൽ ഒത്തൊരുമിച്ച് പ്രവർത്തിക്കും എന്നത് മറ്റൊരു വെല്ലു വിളിയാണ്. സമരസമിതിയുടെയും സമ രത്തെ പിൻതുണക്കുന്നവരുടെ കൂട്ടായ വേദിയായ ഐക്യദാർഢ്യസമിതിയു ടെയും നേതാക്കൾ പ്രകടിപ്പിക്കുന്ന വിശാലമനസ്കതയെയും നയതന്ത്ര ജ്ഞതയെയും ആശ്രയിച്ചിരിക്കുന്ന കാര്യ മാണിത്.

സമരം രൂക്ഷമാകുന്നതിനനുസരിച്ച് സമരത്തെ ദുർബലപ്പെടുത്താൻ താൽപര്യം ഉള്ളവർ പല അഭ്യൂഹ ങ്ങളും ആരോപണങ്ങളും ഉയർത്തി സമരത്തെ സംശയങ്ങളുടെ പുകമറ യിൽ നിർത്താനുള്ള എല്ലാ സാധ്യത കളും ഉണ്ട്. അതിന്റെ ലക്ഷണങ്ങൾ ഇപ്പോഴെ കണ്ടുതുടങ്ങിയിട്ടുണ്ട്. ഈ ഒരു വെല്ലുവിളി നേരിടണമെങ്കിൽ സമ രകാര്യങ്ങൾ കഴിയുന്നത്ര സുതാര്യ തയും ജനാധിപത്യപരമായും മുന്നോട്ട് നീക്കാൻ ബന്ധപ്പെട്ടവർ ജാഗ്രത പുലർത്തേണ്ടതുണ്ട്.

ഒരർത്ഥത്തിൽ പ്ലാച്ചിമട സമരത്തിന് സാധ്യതകൾ ഏറെയും വെല്ലുവിളികൾ നിസാരങ്ങളുമാണ്. ഈ സമരം അഹിം സാത്മക സമരം ആകയാൽ അതിന് പരാജയം ഇല്ല. എന്തുകൊണ്ടെന്നാൽ സത്യത്തോടൊപ്പം നടക്കലാണ് അഹിം സാത്മക സമരങ്ങൾ. പ്ലാച്ചിമട സമരസ മിതി ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ തികച്ചും സത്യസന്ധമാണ്. അത് തെറ്റെന്ന് പറയാൻ ആർക്കും ആവില്ല. ആർക്കും നിഷേധിക്കാൻ പറ്റാത്ത സത്യത്തോടൊപ്പം നടന്നുപോകുന്നത് തന്നെ ഒരു വിജയമാണ്. ഈ വിധത്തി ലുള്ള വിജയത്തിന്റെ ലഹരിയുള്ളവ രുടെ ഒരു നിര വിവിധ പ്രസ്ഥാനങ്ങളി ലായി പ്ലാച്ചിമട സമരം രൂക്ഷമാകുന്ന തോടെ ഉയർന്നുവരും തീർച്ച.

*വള്ളിക്കടവ് പി.ഒ., പരപ്പ വഴി,*
*കാസർഗോഡ്*